(ബി) ഐ. ടി. മേഖലയ്ക്കായി 2009-10-ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 81.17 കോടിയായിരുന്നെങ്കിൽ അത് 2010-11-ൽ 152.8 കോടിയായി വർദ്ധിച്ചു. അതായത് ഐ.ടി. മേഖലയ്ക്കു മാത്രം നടപ്പു വർഷം 88% വർദ്ധനയുണ്ട്. നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വികസനത്തിനും പുതുതായി ആരംഭിക്കുന്ന പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുമായി നടപ്പു വർഷം ആകെ 166 കോടി രൂപ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയേതര ഇനത്തിൽ ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ വികസനത്തിന് 2009-10-ൽ 20 കോടി രൂപയും 2010-11-ൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ രേഖകൾ അനുസരിച്ച് 2006-07-ൽ 750 കോടി രൂപയായിരുന്ന ഐ.ടി. കയറ്റുമതി 2009-10-ൽ 1956.44 കോടി രൂപയായി വർദ്ധിച്ചു.

(ഡി) ഉണ്ട്. ടൂറിസം മേഖലയ്ക്കായി 2001-02 മുതൽ 2005-06 വരെ ആകെ 350.35 കോടി രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. എന്നാൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ടൂറിസം മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 423.29 കോടി രൂപയായി ഉയർന്നു. കൂടാതെ ടൂറിസം റോഡുകളുടെ നവീകരണത്തിന് 2009-10-ൽ 52 കോടി രൂപയും 2010-11-ൽ 20 കോടി രൂപയും നോൺ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ഇ) കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആവിഷ്കരിച്ച് 2007 മുതൽ നടപ്പിലാക്കിവരുന്നത്. ഇതിലേക്കായി നടപ്പു സാമ്പത്തിക വർഷം 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ

8(*158) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു നിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഇത്തരം പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) സർക്കാർ സഹായവും ബാങ്ക് വായ്പയും കൂടുതൽ ഉദാരമായ വ്യവസ്ഥകളോടെ ലഭ്യമാക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രവാസി കേരളീയ കാര്യ വകുപ്പ് തൊഴിൽ സംരഭ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

വിദേശത്തോ സംസ്ഥാനത്തിനു പുറത്തോ മൂന്നു വർഷത്തിലധികം ജോലി ചെയ്തശേഷം കേരളത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള സാങ്കേതിക യോഗ്യതയുള്ളവർക്ക് 5 ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ നൽകുന്ന ഒരു പദ്ധതി വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നോൺ റെസിഡന്റ് കേരളൈറ്റ്സ് വായ്പാ പദ്ധതി എന്ന പേരിലും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ഈ പദ്ധതി അനുസരിച്ച് 100 കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് ചെറുകിട തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് വാണിജ്യബാങ്കുകൾ അതാതു ബാങ്കിന്റെ പദ്ധതിയിൽപ്പെടുത്തി വായ്പകൾ നൽകി വരുന്നതായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കെ. എഫ്. സി. നോൺറെസിഡന്റ് കേരളൈറ്റ്സ് വായ്പാ പദ്ധതി ചുവടെ പറയുന്ന ഉദാരവ്യവസ്ഥകളോടെ നടപ്പിലാക്കി വരുന്നു.

1. 2007 ജൂലൈ 1-ന് ശേഷം വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെടുകയോ ജോലി അവസാനിപ്പിച്ച് തിരിച്ച് നാട്ടിലേക്ക് വരികയോ ചെയ്ത വർക്കാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്.
2. വിദേശത്ത് ജോലി നഷ്ടപ്പെട്ടതിന് മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്.
3. വായ്പയുടെ പലിശ 7% ആയിരിക്കും
4. നിലവിലുള്ള പ്രോസസിംഗ് ഫീയുടെ 50% മാത്രം അടച്ചാൽ മതിയാകും.

(സി) വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിലേക്കായി നോർക്ക വകുപ്പും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയും സംയുക്തമായി ഒരു പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായുള്ള ആദ്യ യോഗം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ആഭിമുഖ്യത്തിൽ 7-2-2011-ൽ തിരുവനന്തപുരത്തുവച്ച് നടക്കുകയും പദ്ധതിയുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly